**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3398** **01-03-2023 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി താലൂക്ക് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്ക് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി സർവെ/അളവ് നടപടികൾ സ്വീകരിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളവ എത്രയെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ; | (എ) | ചാലക്കുടി താലൂക്ക് ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി സർവ്വെ നടപടികൾ സ്വീകരിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളവയുടെ കണക്ക് ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | നിരവധി അപേക്ഷകൾ ഉള്ളതിനാൽ ടി അപേക്ഷകൾ പൂർണ്ണമായും പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനുള്ള സ്വാഭാവികമായ കാലതാമസം മാത്രമാണ് ഉള്ളത് |
| (സി) | വായ്പ എടുക്കുന്നത് ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി അപേക്ഷകൾ സമർപ്പിക്കുമ്പോൾ സർവ്വെയർമാരുടെ സേവനം ലഭ്യമാകാത്തതിനാൽ അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് കൂടുതൽ സർവ്വെയർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിൽ ലഭ്യമായ സർവ്വെയർമാരുടെ സേവനം പ്രയോജനപ്പെടുത്തി പരാതിക്കിടവരാത്ത രീതിയിലാണ് അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നത്. കൂടാതെ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വെ നടപടികൾ പൂർത്തിയാകുന്നതോടുകൂടി ഇത്തരം പരാതികൾക്ക് ഒരു ശാശ്വത പരിഹാരം കാണാൻ സാധിക്കുന്നതായിരിക്കും. |

| **വർഷം** | **തീർപ്പാക്കാൻ ബാക്കിയുള്ള കേസുകൾ** |
|---|---|
| 2018 വരെ | 456 |
| 2019 | 533 |
| 2020 | 838 |
| 2021 | 1251 |
| 2022 | 1685 |
| 2023 | 224 |
| **ആകെ** | **4987** |

സെക്ഷൻ ഓഫീസർ